Date: 18/2/20
TAPAL
1
20/2/2020

**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ്- ഫിലമെന്റ് രഹിത കേരളം പദ്ധതി - പദ്ധതി നടപ്പിലാക്കുന്നതിനു വിവിധ തലത്തിലുള്ള സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (സി) വകുപ്പ്**

**സ.ഉ.(സാധാ)നം.06/2020/ഊർജ്ജം** **തീയതി, തിരുവനന്തപുരം. 20.01.2020**

പരാമർശം:- കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെയർമാന്റെ 11.10.2019 തീയതിയിലെ സി.ഇ (ആർ.ഇ. ഇ.എസ്) ഫിലമെന്റ് ഫ്രീ കേരള/2018-19/1099 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനം ഊർജ്ജ രംഗത്ത് നടപ്പാക്കുന്ന ബൃഹത്തായ ജനകീയ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി. ഫിലമെന്റ് ബൾബുകളിൽ നിന്നും സംസ്ഥാനത്തെ വിമുക്തമാക്കി പകരം ഊർജ്ജ ക്ഷമതയുള്ള എൽ. ഇ. ഡി ബൾബുകൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കേരളത്തിലെ ഭവനങ്ങളിൽ സാധാരണ ഉപയോഗിക്കുന്ന ഫിലമെന്റ് വിളക്കുകളും സി.എഫ്.എൽ-കളും ഫ്ലൂറസെന്റ് ട്യൂബ് ലൈറ്റുകളും മാറ്റി ഊർജ്ജ ക്ഷമതയുള്ള എൽ.ഇ.ഡി വിളക്കുകൾ ഓരോ ഉപഭോക്താവിനും ആവശ്യമായത്ര കുറഞ്ഞ വിലയ്ക്ക് നൽകി അതിന്റെ വില തവണകളായി വൈദ്യുത ബില്ലിനൊപ്പം ഈടാക്കുന്ന രീതിയാണ് ഉദ്ദേശിക്കുന്നത്. തിരികെ വാങ്ങുന്ന ഫിലമെന്റ് ബൾബുകളും ഫ്ലൂറസെന്റ് ബൾബുകളും സുരക്ഷിതമായി സംസ്കരിക്കുന്നതിനും ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്. ഇതു വഴി ഇത്തരം ബൾബുകളിലെ മെർക്കുറി സൃഷ്ടിക്കുന്ന മലിനീകരണ സാദ്ധ്യതയും പരമാവധി കുറയ്ക്കാൻ കഴിയുന്നതാണ്. ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗം ഉറപ്പു വരുത്തുന്നതിലൂടെ ഊർജ്ജാവശ്യത്തിനുള്ള കാർബൺഡൈ ഓക്സൈഡ് ഉൽസർജനം കുറയ്ക്കുന്നതിനും കഴിയുന്നു. ഇക്കാരണങ്ങളാൽ തികച്ചും പാരിസ്ഥിതികോന്മുഖമായ ഒന്നാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി.

സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഊർജ്ജ ക്ലാസുകളുടെ സംഘാടനവും ഫിലമെന്റ് രഹിത കേരളം പദ്ധതിയുടെ ജനകീയ കാമ്പയിന്റെ ഭാഗമായി നടത്താനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങളോടൊപ്പം ഊർജ്ജ ഉത്പാദന മാർഗ്ഗങ്ങളും ഊർജ്ജ ഭദ്രത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും, ഊർജ്ജ സംരക്ഷണം, വൈദ്യുതി അപകടങ്ങളുടെ സാദ്ധ്യത തടയാനുള്ള മാർഗ്ഗങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ക്ലാസുകളാണ് ഉദ്ദേശിക്കുന്നത്. ഈ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും പദ്ധതി പൊതുജന

പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും ചുവടെ ചേർക്കുന്ന തലത്തിലുള്ള സമിതികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. <u>സംസ്ഥാനതല സമിതി</u>

| | |
|---|---|
| മുഖ്യമന്ത്രി | : ചെയർമാൻ |
| റവന്യൂ വകുപ്പ് മന്ത്രി,<br>ധനകാര്യ വകുപ്പ് മന്ത്രി<br>വൈദ്യുതി വകുപ്പ് മന്ത്രി<br>തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി,<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി | : വൈസ് ചെയർമാൻമാർ |
| ഡോ. വി.ശിവദാസൻ, ഡയറക്ടർ,<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | : ജനറൽ കൺവീനർ |
| ശ്രീ. ധരേശൻ ഉണ്ണിത്താൻ,<br>ഡയറക്ടർ, ഇ.എം.സി | : കൺവീനർ<br>(ഏകോപനം, റീസൈക്ലിംഗ് പ്രവർത്തനങ്ങൾ, മാധ്യമം) |
| ശ്രീ. പി. കുമാരൻ, ഡയറക്ടർ,<br>വിതരണം, കെ.എസ്.ഇ.ബി | : കൺവീനർ, (നടപ്പാക്കൽ) |
| ശ്രീ. ജോയി ഇളമൺ, ഡയറക്ടർ, കില | : കൺവീനർ,<br>(പരിശീലന ക്ലാസുകൾ) |
| ശ്രീ. അനിൽകുമാർ വി.സി<br>ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ | : കൺവീനർ, (കാമ്പയിൻ) |
| ശ്രീ. അമിത് മീണ,<br>ഡയറക്ടർ, അനെർട്ട് | : കൺവീനർ, (പരിശോധന, ഡോക്യുമെന്റേഷൻ) |

<u>അംഗങ്ങൾ</u>

1. സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ചെയർമാൻ, കെ.എസ്.ഇ.ബി.എൽ
3. ഡോ. ആർ.വി.ജി. മേനോൻ
4. ശ്രീ. വി.കെ ദാമോദരൻ
5. ശ്രീ. പി.കെ. രവീന്ദ്രൻ

6. ശ്രീ. ജഗജീവൻ എൻ. ശുചിത്വ മിഷൻ
7. ശ്രീ. കുഞ്ഞികൃഷ്ണൻ മാസ്റ്റർ, ലൈബ്രറി കൗൺസിൽ
8. ശ്രീ. മുരളി തുമ്മാരക്കുടി
9. ശ്രീ. ശ്രീധർ, തണൽ
10. ഡയറക്ടർ. ഐ.എം.ജി
11. പ്രസിഡന്റ്, പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ
12. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്
13. കെ.എസ്.ഇ.ബി യിലെ അംഗീകൃത ട്രേഡ് യൂണിയൻ, ഓഫീസർ പെൻഷനേഴ്സ് സംഘടനകളുടെ ഓരോ പ്രതിനിധികൾ
14. സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും സംഘടനകളുടെ ഫെഡറേഷന്റെ പ്രതിനിധികൾ
15. എൻ.എസ്.എസ് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി, സ്കൗട്ട് എന്നിവയുടെ സംസ്ഥാന മേധാവികൾ
16. ഡയറക്ടർ, കേപ്
17. ഡയറക്ടർ, പൊതുവിദ്യാഭ്യാസം
18. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി
19. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം
20. ഡയറക്ടർ, ശുചിത്വ കേരളമിഷൻ
21. ഡയറക്ടർ, ക്ലീൻ കേരള മിഷൻ
22. ഡയറക്ടർ, ഇൻസ്ഡെസ്, ഷൊർണ്ണൂർ
23. ഡയറക്ടർ, കില
24. വയർമാൻമാരുടെ സംഘടനകളുടെ പ്രതിനിധികൾ
25. ഡയറക്ടർ. ഐ.ആർ.സി.റ്റി.സി. പാലക്കാട്
26. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രതിനിധി
27. ഡയറക്ടർ, കുടുംബശ്രീ
28. ചെയർമാൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ്
29. ചെയർമാൻ, സയൻസ് ആന്റ് ടെക്നോളജി കൗൺസിൽ
30. ചെയർമാൻ, ബയോഡൈവേഴ്സിറ്റി ബോർഡ്

**2. ജില്ലാതല സമിതികൾ**

| | |
|---|---|
| ജില്ലയുടെ ചാർജ്ജുള്ള മന്ത്രി | : ചെയർമാൻ |
| ജില്ലയിൽ നിന്നുള്ള എം.പി-മാർ, ജില്ലയിലെ നിയോജക മണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലയിലെ മുൻസിപ്പൽ കോർപ്പറേഷൻ മേയർ | : വൈസ് ചെയർമാൻമാർ |

| | |
|---|---|
| ജില്ലാ കളക്ടർ | : ജനറൽ കൺവീനർ |
| ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ<br>കെ.എസ്.ഇ.ബി.എൽ. | : ജോയിന്റ് കൺവീനർ |
| മുൻസിപ്പൽ ചെയർമാൻമാർ,<br>ജില്ലാ പഞ്ചായത്ത് അംഗങ്ങൾ<br>എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കെ.എസ്.ഇ.ബി. യിലെ ട്രേഡ് യൂണിയനുകളുടെയും ഓഫീസർ സംഘടനകളുടെയും പ്രതിനിധികൾ, സാമൂഹ്യ, സാസ്കാരിക പൊതു സംഘടനകളുടെ പ്രതിനിധികൾ, പ്രവർത്തകർ, സർക്കാർ ഇതര സംഘടനകളുടെ പ്രതിനിധികൾ, കുടുംബശ്രീ, ശുചിത്വ മിഷൻ തുടങ്ങി സംസ്ഥാനതല സമിതിയിൽ അംഗങ്ങളായി നിർദ്ദേശിച്ചിട്ടുള്ള വിവിധ സർക്കാർ, അർദ്ധ സർക്കാർ സംവിധാന ങ്ങളുടെ ജില്ലാതല പ്രതിനിധികൾ | : അംഗങ്ങൾ |

## 3. ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻതല സമിതികൾ

| | |
|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ അദ്ധ്യക്ഷൻ | : ചെയർമാൻ |
| പരിധിയിൽ വരുന്ന ത്രിതല പഞ്ചായത്ത് സമിതി അംഗങ്ങൾ/ ഡിവിഷൻ പ്രതിനിധികൾ | : വൈസ് ചെയർമാൻമാർ |
| കെ.എസ്.ഇ.ബി.യിലെ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ/ സബ് എഞ്ചിനീയർ | : കൺവീനർ |

| | |
|---|---|
| സംസ്ഥാന, ജില്ലാതല സമിതികളിൽ അംഗങ്ങളായി നിർദ്ദേശിച്ചിട്ടുള്ള സംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് അനുപൂരകമായി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ലഭ്യമായ പ്രതിനിധികൾ | : അംഗങ്ങൾ |

ജില്ലാതല സമിതിയുടേയും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻതല സമിതികളുടേയും രൂപീകരണം സംബന്ധിച്ച ഉത്തരവുകൾ ബന്ധപ്പെട്ട ജില്ലാകളക്ടർമാർ ജില്ലാതലസമിതി അദ്ധ്യക്ഷന്റെ അനുമതിയോടെ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക് ഐ.എ.എസ്
സെക്രട്ടറി

എല്ലാ പ്രതിനിധികൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളെ അറിയിക്കുന്നതിനായി)
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി.എൽ, തിരുവനന്തപുരം
ഡയറക്ടർ, ഇ.എം.സി, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ